## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 93** — **27/02/2017 ൽ മറുപടി നല്കേണ്ടിയിരുന്നത്**

### അപകടമരണം സംഭവിച്ച കുടുംബത്തിനു ദുരിതാശ്വാസം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഭർത്താവിന്റെ അപകടമരണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ചോദിച്ച് നൽകിയ അപേക്ഷയിൽ ശ്രീമതി.മിനി.പി.വി. (പുന്നക്കുഴിത്തുപാറയിൽ ഹൗസ്, ഇടയാർ പി.ഒ, കൂത്താട്ടുകുളം, മൂവാറ്റുപുഴ) യ്ക്ക് സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) (ബി) (സി) ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇക്കാര്യം സംബന്ധിച്ച് 28-08-2014-ലെ 29146/DRF/A3/2014 നമ്പർ കത്തിൻ പ്രകാരം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയെങ്കിലും ഇതുവരെയും തുടർനടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | |
| (സി) അപേക്ഷകക്ക് സഹായം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; ഇല്ലായെങ്കിൽ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **എറണാകുളം ജില്ല** - ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

സ.ഉ.(സാധാ)നം: 2516/2017/റവ. **തിരുവനന്തപുരം, തീയതി,** 01.06.2017

==========================================================================

**<u>പരാമർശം:</u>** ശ്രീമതി.മിനി.പി.വി യുടെ 02.04.2014 തീയതിയിലെ അപേക്ഷ

## <u>ഉത്തരവ്</u>

എറണാകുളം ജില്ലാ മൂവാറ്റുപുഴ താലൂക്ക് കൂത്താട്ടുകുളം വില്ലേജ് ഇടയാർ കരയിൽ പുന്നക്കുഴി തുറപ്പാറയിൽ പൈലി മകൾ പി.വി.മിനിക്ക് ഭർത്താവ് അപകടമരണപ്പെട്ടതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1,00,000/- **രൂപ (ഒരു ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന 1,00,000/- **രൂപ (ഒരു ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക **<u>എറണാകുളം ജില്ലാ കളക്ടർക്ക്</u>** നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക അപേക്ഷകയ്ക്ക് രണ്ടാഴ്ചയ്ക്കകം നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. ടി.കെ.**
**ഡെപ്യൂട്ടി സെക്രട്ടറി**

**ജില്ലാ കളക്ടർ, എറണാകുളം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ